DESPATCHED
On..30\9\21...



14\9\21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 698(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 6840/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി: 2021 സെപ്റ്റംബർ 14**

ശ്രീ. കെ.പി. പ്രഭാകരൻ,
ഇ.പി.8/660-ബി,
നന്ദനം, പുതിയങ്ങാടി പി.ഒ.,
കോഴിക്കോട് - 673 021. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
ഇ.എഫ്.എൽ കസ്റ്റോഡിയൻ ആഫീസ്,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം - 659 014.

2) അപ്പീൽ അധികാരി,
ഇ.എഫ്.എൽ കസ്റ്റോഡിയൻ ആഫീസ്,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം - 659 014. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/07/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 18/06/2021 |
| **കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി** | 30/06/2021 |
| **കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി** | 08/07/2021 |
| **കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി** | 06/09/2021 |
| ഹിയറിംഗ് നടന്ന തീയതി | **14/09/2021 -ഓഡിയോ/വീഡിയോ ഹിയറിംഗ്** |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | **ഹാജരായി** |
| എസ്.പി.ഐ.ഒ. | **ഹാജരായി** |

## ഉത്തരവ്

ശ്രീ. കെ.പി. പ്രഭാകരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച

അപേക്ഷയിലും ഒന്നാം അപ്പീലും ആവശ്യപ്പെട്ട രേഖയോ മറുപടിയോ ലഭിച്ചിട്ടില്ലെന്നും എത്രയും വേഗം ടി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ 26.10.2013–ലെ ഇ.എഫ്.എൽ–10–311/2013 നമ്പർ നോട്ടിഫിക്കേഷനിലെ ക്രമനമ്പർ 40–ൽ സർവ്വെ നമ്പർ: 425/pt, 426/pt, 427/pt എന്നിവയിലുൾപ്പെട്ട 4.5 ഹെ. ഭൂമി ഇ.എഫ്.എൽ. ആക്കി നോട്ടിഫൈ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് 15–ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉപദേശകസമിതി കസ്റ്റോഡിയന് സമർപ്പിച്ച ശുപാർശയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചു നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 15.04.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, സർവ്വെ നം. 425/pt, 426/pt, 427/pt എന്നിവയിലുൾപ്പെട്ട 4.5 ഹെക്ടർ ഭൂമി സെക്ഷൻ 3(1) പ്രകാരമാണ് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതെന്നും സെക്ഷൻ 3(1) വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്ന ഭൂമിയ്ക്ക് 15–ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉപദേശകസമിതി കസ്റ്റോഡിയന് ശുപാർശ സമർപ്പിക്കേണ്ടതില്ല എന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ അനുവദിക്കാൻ നിർവ്വാഹമില്ലെന്നുമാണ്.

3. മേൽപ്പടി മറുപടിക്കെതിരെ അപ്പീൽ ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷി പരിഗണിച്ച് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശ നിയമം സെക്ഷൻ 3(1) വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്ന പരിസ്ഥിതിലോല പ്രദേശത്തിന് 15–ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉപദേശക സമിതി കസ്റ്റോഡിയന് ശുപാർശ സമർപ്പിക്കേണ്ടതില്ല എന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിസ്ഥിതി ശാസ്ത്രപപരമായി ദുർബലമായ ഭൂപ്രദേശ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമാണെന്ന് ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിയാണെന്ന് കണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 11.3.2021 തീയതി എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ അപേക്ഷ എതിർകക്ഷി ഓഫീസിൽ 26.3.2021 തീയതി ലഭിച്ചുവെന്നും ആയതിന്

15.4.2021 തീയതി മറുപടി നൽകിയിട്ടുണ്ടെന്നും ശ്രീ. കെ.പി.പ്രഭാകരൻ 28.4.2021 തീയതി അപ്പീൽ അധികാരിക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ 22.6.2021 നാണ് ഓഫീസിൽ ലഭിച്ചതെന്നും ടി അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഇ.എഫ്.എൽ–10–311/2013–ലെ നോട്ടിഫിക്കേഷനിലെ ക്രമനമ്പർ 40–ൽ പറയുന്ന സർവ്വെ നമ്പർ: 425/pt, 426/pt, 427/pt എന്നിവയിലുൾപ്പെട്ട 4.5 ഹെക്ടർ ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി നോട്ടിഫൈ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകതൃത്വം നടത്തിപ്പും) ആക്ട് 15–ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉപദേശകസമിതി കസ്റ്റോഡിയന് സമർപ്പിച്ച ശുപാർശയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചു നൽകണമെന്നായിരുന്നു എന്നും ആയതിന് എസ്.പി.ഐ.ഒ. 15.4.2021–ന് അപേക്ഷകന് നൽകിയ മറുപടി നിയമാനുസൃതമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കി കൊണ്ടുള്ള ഉത്തരവ് 31.7.2021–ന് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ഉപദേശകസമിതി കസ്റ്റോഡിയന് സമർപ്പിച്ച ശുപാർശയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിക്കണമെന്നാണ്. എന്നാൽ ആയതിന് ഒന്നാം എതിർകക്ഷി നൽകിയത് അപ്രകാരം ശുപാർശയൊന്നും ഉപദേശകസമിതി കസ്റ്റോഡിയന് സമർപ്പിച്ചിട്ടില്ല എന്നാണ്. വിവരാവകാശ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ്. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം/രേഖ എതിർകക്ഷി കാര്യാലയത്തിലെ ഇതുമായി ബന്ധപ്പെട്ട ഫയലുകളിൽ/രജിസ്റ്ററുകളിൽ ഉള്ളതാണെങ്കിൽ ആയത് നേരിട്ട് പരിശോധിച്ച് പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 സെപ്റ്റംബർ 14–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത,
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി